# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1673** — **11-02-2013 ൽ മറുപടിയ്ക്ക്**

## ഒരു മീനും ഒരു നെല്ലും പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 'ഒരു മീനും ഒരു നെല്ലും' പദ്ധതി വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) 'ഒരു നെല്ലും ഒരു മീനും' പദ്ധതി വ്യാപകമാക്കുന്നതിന് അഡാക്ക് സംസ്ഥാനാവിഷ്കൃത പദ്ധതികളായ കുട്ടനാടൻ പാടശേഖരങ്ങളിലെയും കോൾനിലങ്ങളിലേയും ഒരു നെല്ലും ഒരു മീനും പദ്ധതി, പൊക്കാളി പാടങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, കയ്പ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി എന്നിവ നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് പദ്ധതിയിൽ 2011 മുതൽ 2014 വരെയുള്ള കാലയളവിലേക്ക് ഒരു നെല്ലും ഒരു മീനും പദ്ധതി, വളപ്പിലെ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷിക്കൽ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 19.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സഹായമാണ് കർഷകർക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | ഒരു നെല്ലും ഒരു മീനും പദ്ധതിയുടെ ഭാഗമായി കർഷകർക്ക് ബണ്ട് നിർമ്മാണം, സ്ലൂയിസ് നിർമ്മാണം, മറ്റ് പശ്ചാത്തല സൗകര്യ വികസനങ്ങൾ എന്നിവയ്ക്കും മത്സ്യവിത്ത്, തീറ്റ തുടങ്ങിയ ആവർത്തന ചെലവുകൾക്കും സബ്സിഡി നൽകി വരുന്നു. |
| (സി) | കാലാനുസൃതമായി പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (സി) | അഡാക്ക് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ കഴിഞ്ഞ വർഷങ്ങളിൽ പശ്ചാത്തല സൗകര്യ വികസനത്തിന് 20% എന്ന നിരക്കിലും ആവർത്തന ചെലവുകൾക്ക് 40% എന്ന നിരക്കിലും നൽകി വന്നിരുന്ന സബ്സിഡി 2012-13 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഈയിനങ്ങൾക്ക് 60%, 75% എന്നീ നിരക്കുകളിലാണ് യഥാക്രമം സബ്സിഡി അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ